**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1313** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രളയ ധനസഹായ വിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. എഫ്. രാജ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** പ്രളയ ധനസഹായ വിതരണം വേഗത്തിലാക്കാൻ, വിതരണത്തിന്റെ പൂർണ ചുമതല താലൂക്ക് തലത്തിലേക്ക് വികേന്ദ്രീകരിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നിലവിലുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) / മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) മാനദണ്ഡങ്ങളും സർക്കാർ ഉത്തരവുകളും കർശനമായി പാലിച്ചുകൊണ്ട്, അതാത് ജില്ലാ കളക്ടർമാർക്ക് ഫണ്ട് അനുവദിച്ചതിനുശേഷം, തഹസിൽദാർമാർ മുഖാന്തിരം ഡി.ബി.ടി. (DBT) മുഖേന പ്രസ്തുത ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിന് 24-09-2026 ലെ സ.ഉ (സാധാ)നം. 387/2026/ ഡി.എം.ഡി നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

**(ബി)** അപേക്ഷകൾ വേഗത്തിൽ പരിശോധിച്ച് അർഹരായവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് തുക എത്തിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും പ്രസ്തുത നടപടി ഗുണകരമാകുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത ധനസഹായത്തിനായി ജില്ലകളിൽ വലിയ തോതിൽ അപേക്ഷകൾ ലഭിച്ചിട്ടുള്ളതിനാൽ, ജില്ലാ കളക്ടർമാർ മുഖാന്തിരം കേന്ദ്രീകൃതമായി ധനസഹായം വിതരണം ചെയ്യുന്നതുമൂലം അപേക്ഷകളുടെ പരിശോധനയും അനുമതിയും പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നു. ധനസഹായ വിതരണം താലൂക്ക് തലത്തിൽ വികേന്ദ്രീകരിച്ച് ഡി.ഡി.ഒമാരായ തഹസിൽദാർമാർ മുഖാന്തിരം നടപ്പിലാക്കുന്നത് അർഹരായ ഗുണഭോക്താക്കളെ വേഗത്തിൽ കണ്ടെത്തുന്നതിനും ലിസ്റ്റ് തയ്യാറാക്കി ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും സഹായകരമാണ്.

**(സി)** പ്രളയധനസഹായ വിതരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ എന്തൊക്കെ പരിഷ്കരണങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട ആശ്വാസ ധനസഹായം അർഹരായവർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും അപേക്ഷകളുടെ തീർപ്പാക്കലിലെ കാലതാമസവും അസൗകര്യങ്ങളും ഒഴിവാക്കുന്നതിനുമായി, നിലവിലുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) / മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) മാനദണ്ഡങ്ങളും സർക്കാർ ഉത്തരവുകളും കർശനമായി

പാലിച്ചുകൊണ്ട്, പ്രളയജലം കയറി ദുരിതം ബാധിച്ച കുടുംബങ്ങൾക്ക് പ്രതിദിനം ₹300/-നിരക്കിൽ 7 ദിവസത്തേക്കുള്ള ധനസഹായവും, വീടുകൾ വൃത്തിയാക്കുന്നതിനും, വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ഹോംസ്റ്റേകൾക്കും ₹10,000/- വീതമുള്ള അടിയന്തര ധനസഹായവും അതാത് ജില്ലാ കളക്ടർമാർക്ക് ഫണ്ട് അനുവദിച്ചതിനുശേഷം, തഹസിൽദാർമാർ മുഖാന്തിരം ഡി.ബി.ടി. (DBT) മുഖേന പ്രസ്തുത ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**